# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 152      08.02.2016-ലെ മറുപടിയ്ക്ക്

## അന്താരാഷ്ട്ര വിപണിയിലെ ഇന്ധനവില

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി.ചെന്താമരാക്ഷൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) | |
| (എ) | അന്താരാഷ്ട്ര വിപണിയിൽ ഇന്ധനവിലയിൽ വൻ കുറവുണ്ടായിട്ടും സാധാരക്കാരുടെ ജീവതം കൂടുതൽ ദുസ്സഹമാക്കുന്നവിധം പെട്രോളിന്റെയും ഡീസലിന്റെയും എക്സൈസ് തീരുവ വർദ്ധിപ്പിച്ച കേന്ദ്ര ഗവൺമെന്റ് നടപടിയെ സർക്കാർ എതിർത്തിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | കേന്ദ്രം പെട്രോളിന്റെയും ഡീസലിന്റെയും തീരുവ വർദ്ധിപ്പിക്കുമ്പോൾ അതിനനുസൃതമായി സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിക്കുന്നുണ്ടോ; വിലക്കയറ്റത്തിന്റെ പശ്ചാത്തലത്തിൽ പ്രസ്തുത വർദ്ധന വേണ്ടെന്ന വയ്ക്കാനും, അതിനനുസൃതമായി സംസ്ഥാനത്തിന്റെ നികുതി കുറയ്ക്കാനും നടപടി സ്വീകരിക്കുമോ; | (ബി) | തീരുവ വർദ്ധിപ്പിക്കുമ്പോൾ അതിനനുസൃതമായി അടിസ്ഥാന വില കുറയ്ക്കുകയും ടാക്സബിൾ ടേണോവറിൽ മാറ്റം വരാതിരിക്കുകയും ചെയ്യുന്നതിനാൽ നികുതി വരുമാനത്തിൽ മാറ്റം വരുന്നില്ല. |
| (സി) | ഏറ്റവും ഒടുവിലത്തെ പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനയിലൂടെ സംസ്ഥാനത്തിന് പ്രതിവർഷം എത്ര കോടി രൂപയുടെ അധിക വരുമാനം ലഭിക്കും? | (സി) | ഏറ്റവും ഒടുവിലത്തെ പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധനവ് ഉണ്ടായത് 16/11/2015 ൽ ആണ്. പ്രസ്തുത വർദ്ധനവിൽ പെട്രോളിന് പ്രതിവർഷം 18.96 കോടി രൂപയും ഡീസലിന് 45.12 കോടി രൂപയും അധിക വരുമാനം ലഭിക്കും എന്ന് കണക്കാക്കിയിരിക്കുന്നു. |

സെക്ഷൻ ഓഫീസർ